# കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്
## ‘കിസ്സാൻ ജ്യോതി’, ഫോർട്ട്. പി.ഒ തിരുവനന്തപുരം – 695 023

ഫോൺ : 0471 – 2471343, 2471344
E-mail : kaicohotech@gmail.com
Website:www.keralaagro.com

**അഗ്രോ സൂപ്പർ ബസാറിന്റെ പരിസരത്ത് ബയോഗ്യാസ് യൂണിറ്റിന്റെ പ്രദർശന/വിപണനത്തിന് വാടക അടിസ്ഥാനത്തിൽ/ ബിസിനസ്സ് മാർജിനിൽ സ്റ്റാൾ അനുവദിക്കുന്നതിനുള്ള അപേക്ഷാഫോറം**

**ഓഫീസ് ആവശ്യത്തിന്**

| | |
|---|---|
| അപേക്ഷഫോറത്തിന്റെ നമ്പർ | : |
| രജിസ്ട്രേഷൻ തീയതി | : |
| ഫീസ് രസീത് നമ്പർ | : |

| | | | |
|---|---|---|---|
| 1 | സ്ഥാപനത്തിന്റെ പേര് | : | |
| 2 | പ്രൊപ്പറൈറ്ററുടെ പേര്, വിലാസം | : | |
| 3 | ആധാർ നമ്പർ(സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യണം) | : | |
| 4 | മൊബൈൽ നമ്പർ | : | |
| 5 | ഫോൺ നമ്പർ (വീട്) | : | |
| 6 | മെയിൽ ഐഡി | : | |
| 7 | GST നമ്പർ | : | |
| 8 | ബാങ്ക് വിവരങ്ങൾ | : | |
| 9 | പ്രവർത്തന പരിചയം | : | |

മേൽ പറഞ്ഞ കാര്യങ്ങൾ എന്റെ അറിവിൽ ഉള്ളതും ശരിയാണെന്നും ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു.

അപേക്ഷകന്റെ ഒപ്പ്

പേര്

## നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുന്നതിനു മുൻപ് നിലവിൽ അഗ്രോ ബസാറിന്റെ പരിസരത്തുള്ള സ്റ്റാൾ കരാറുകാരൻ സന്ദർശിച്ച് അവിടത്തെ ഭൗതിക സാഹചര്യങ്ങൾ മനസ്സിലാക്കേണ്ടതാണ്.
2. ബസാറിന്റെ പ്രവർത്തനത്തെ യാതൊരുതരത്തിലും ബാധിക്കാത്ത വിധത്തിലായിരിക്കണം സ്റ്റാൾ നടത്തേണ്ടത്.
3. സ്റ്റാളിന്റെ നടത്തിപ്പ് അപേക്ഷകന് താല്കാലിക അടിസ്ഥാനത്തിൽ നൽകുന്നതാണ്. കോർപ്പറേഷന്റെ സമയാസമയങ്ങളിൽ ഉള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ സ്റ്റാൾ നടത്തുവാൻ സാധിക്കുകയുള്ളു.
4. സ്റ്റാളിന്റെ നടത്തിപ്പ് കോർപ്പറേഷന്റെ ചട്ടങ്ങൾ അനുസരിച്ചായിരിക്കണം. അതിലെ ജീവനക്കാരുടെ സുരക്ഷയിൽ കോർപ്പറേഷന് യാതൊരു ഉത്തര വാദിത്വവും ഉണ്ടായിരിക്കുന്നതല്ല. സ്റ്റാളിൽ ആവശ്യമായ സുരക്ഷ ഉറപ്പാക്കേണ്ടത് പ്രസ്തുത കരാറുകാരനായിരിക്കും.
5. വില്ക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം കെയ്കോ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമെ വില്പനക്ക് പ്രദർശിപ്പിക്കാവു.
6. സ്റ്റാളിൽ അല്ലാതെ യാതൊരു സാധനവും പുറത്ത് പ്രദർശിപ്പിക്കുവാൻ പാടില്ല.
7. അഗ്രോബസാറിന്റെ പ്രവർത്തന സമയം തന്നെയായിരിക്കും സ്റ്റാളിന്റെയും പ്രവൃത്തി സമയം.
8. ഗവൺമെന്റ് ഏജൻസികൾ നടത്തുന്ന സ്റ്റാളിന് മുൻഗണന നൽകുന്നതാണ്.
9. തെരെഞ്ഞെടുത്ത ഏജൻസി/വ്യകതി 200/- രൂപ മുദ്രപത്രത്തിൽ കെയ്കോയുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്.
10. അപേക്ഷയോടൊപ്പം 1000/- രൂപ നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. തെരെ ഞ്ഞെടുത്ത കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റായി 25,000/- രൂപയും നൽകേണ്ടതാണ്. തെരെഞ്ഞെടുക്കുന്ന വ്യക്തി/സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കുന്ന തുകയ്ക്ക് ഡി.ഡി നൽകേണ്ടതാണ്.
11. നിരതദ്രവ്യം/സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒഴിവാക്കുവാനുള്ള അംഗീകൃത രേഖകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
12. സ്റ്റാളിൽ വില്ക്കുന്ന സാധന സാമഗ്രികളുടെ ഗുണമേന്മ, വില, വാറണ്ടി, ഗ്യാരണ്ടി, സർവ്വീസിംഗ് മുതലായവയെല്ലാം സ്റ്റാളുടമയുടെ പൂർണ്ണ ഉത്തര വാദിത്വത്തിൽ ആയിരിക്കും. കോർപ്പറേഷന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
13. കോർപ്പറേഷന്റെ നിബന്ധനകൾക്ക് വിരുദ്ധമായോ അല്ലെങ്കിൽ കോർപ്പറേഷന്റെ ഉദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിലോ എന്തെങ്കിലും വീഴ്ചയുണ്ടാകുന്ന പക്ഷം സ്റ്റാളിന്റെ

പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. നിരതദ്രവ്യം പലിശയില്ലാതെ തിരികെ നൽകുന്നതാണ്.
15. സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്റ്റാളിന്റെ നടത്തിപ്പ് കാലാവധിക്ക് ശേഷം പലിശയില്ലാതെ തിരികെ നൽകുന്നതാണ്.
16. ബയോഗ്യാസ് യൂണിറ്റ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ബ്രാൻഡിലായിരിക്കണം വിപണനം നടത്തേണ്ടത്.
17. സ്റ്റാളിൽ വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങൾ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയിൽ ഉപഭോക്താക്കൾക്ക് നൽകണം.
18. സ്റ്റാളിൽ വില്ക്കുന്ന ഉൽപ്പന്നങ്ങളുടെ വില വിവര പട്ടിക മുൻകൂട്ടി കോർപ്പറേഷനിൽ നൽകി അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമേ വിപണനം നടത്താവൂ.
19. സ്റ്റാളിന്റെ നടത്തിപ്പ് ഒരു കരാറുകാരന് അനുവദിച്ചുതന്നാൽ അത് കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതാകുന്നു.
20. സ്റ്റാൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിശ്ചിത വാടകയ്ക്ക് കരാറുകാരന് നൽകിയാൽ ഓരോ മാസത്തേയ്ക്ക് പ്രസ്തുത വാടക അടുത്തമാസം 5-ാം തീയതിക്ക് മുൻപായി കോർപ്പറേഷന്റെ ജില്ലാ ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ഓരോ ദിവസത്തിനും 500/- രൂപ നിരക്കിൽ പിഴ ഈടാക്കുന്നതാണ്. കുടിശ്ശിക 10 ദിവസത്തിൽ കൂടിയാൽ സ്റ്റാൾ അനുവാദം റദ്ദു ചെയ്യുന്നതാണ്.
21. സ്റ്റാളുകളുടെ പ്രവർത്തനത്തിന് കോർപ്പറേഷൻ ഏതെങ്കിലും തരത്തിലുള്ള കൺസ്യൂമബിൾസ് നൽകിയാൽ അവയുടെ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്. കൂടാതെ സ്റ്റാളിന് യാതൊരുവിധ കേടുപാടുകളും ഉണ്ടാക്കുവാൻ പാടുള്ളതല്ല.
22. ബയോഗ്യാസ് യൂണിറ്റിന്റെ സ്റ്റാളിന്റെ വിസ്തീർണം 56 ചതുരശ്ര അടി ആയിരിക്കണം.
23. സ്റ്റാൾ നടത്താൻ ഉദ്ദേശിക്കുന്നവർ സ്റ്റാളിന് മാസവാടക ഇനത്തിലും ബിസിനസ്സ് നടന്നതിൽ നിന്നുമുള്ള മാർജിൻ അടിസ്ഥാനത്തിലും ക്വാട്ട് ചെയ്യേണ്ടതാണ്. മാസവാടക അടിസ്ഥാനത്തിലോ മാർജിൻ അടിസ്ഥാനത്തിലോ സ്റ്റാൾ അനുവദിക്കുന്നതിനുള്ള അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.

മാനേജിംഗ് ഡയറക്ടർ

| ഫിനാൻഷ്യൽസ് | |
|---|---|
| അനുയോജ്യമായ ബിസിനസ്സ് മാർജിൻ(%) | |
| മാസവാടക (തുക) | |